# മൂപ്പന്മാർക്കും ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

**പൊതുവിഷയം:**

## ഒരുമനസ്സും പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും

ദൂത് നാല്

### ഉയിർത്തെഴുന്നേറ്റവനും, ആരോഹണം ചെയ്തവനും, സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തു

JL *Hymns*: ML254, ML141

തിരുവെഴുത്ത് വായന: പ്രവൃ. 1:8-11; 2:32-36; 3:13-15; 4:33; 5:30-32; 7:56; 20:28; 16:31

പ്രവൃ. 1:8 എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു.

പ്രവൃ. 1:9 അവൻ ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവർ നോക്കിക്കൊണ്ടിരിക്കേ, അവൻ മേലോട്ട് ഉയർത്തപ്പെടുകയും, ഒരു മേഘം അവനെ അവരുടെ കാഴ്ചയിൽനിന്ന് എടുത്തുകൊണ്ട് പോകുകയും ചെയ്തു.

പ്രവൃ. 1:10 അവൻ സ്വർഗത്തിലേക്കു പോകുന്നത് അവർ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഇതാ വെള്ളവസ്ത്രം ധരിച്ച രണ്ട് മനുഷ്യർ അവരുടെ അടുക്കൽ നിന്ന്,

പ്രവൃ. 1:11 ഗലീലാപുരുഷന്മാരേ, നിങ്ങൾ സ്വർഗത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ, കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

പ്രവൃ. 2:34 ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല, എന്നാൽ അവൻ പറയുന്നു,

പ്രവൃ. 2:35 “ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു.”

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

പ്രവൃ. 3:14 വിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നിഷേധിക്കുകയും കൊലപാതകനായ ഒരു മനുഷ്യനെ നിങ്ങൾക്കു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു;

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

പ്രവൃ. 4:33 അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

പ്രവൃ. 5:30 നിങ്ങൾ മരത്തിന്മേൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു.

പ്രവൃ. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

പ്രവൃ. 5:32 ഞങ്ങളും, അതുപോലെ ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയിരിക്കുന്ന പരിശുദ്ധാത്മാവും, ഈ കാര്യങ്ങൾക്ക് സാക്ഷികൾ ആകുന്നു.

പ്രവൃ. 7:56 ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞു.

പ്രവൃ. 20:28 നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

പ്രവൃ. 16:31 കർത്താവായ യേശുവിന്മേൽ വിശ്വസിക്കുക, നീയും നിന്റെ ഭവനക്കാരും രക്ഷിക്കപ്പെടും എന്ന് അവർ പറഞ്ഞു.

## I. പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു പുനരുത്ഥാനത്തിലാണ്—1:3; 2:32; 3:15; 4:33:

പ്രവൃ. 1:3 താൻ കഷ്ടം അനുഭവിച്ചതിനുശേഷം, നാൽപതു നാളോളം അവർക്ക് പ്രത്യക്ഷപ്പെട്ടും ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ സംസാരിച്ചും കൊണ്ട്, നിരവധി അനിഷേധ്യ തെളിവുകളാൽ അവനെത്തന്നെ ജീവനോടെ അവർക്ക് പ്രദർശിപ്പിച്ചു.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

പ്രവൃ. 4:33 അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

A. മരണത്തിലൂടെ ക്രിസ്തു മറ്റൊരു മണ്ഡലത്തിലേക്ക്, പുനരുത്ഥാനത്തിന്റെ മണ്ഡലത്തിലേക്ക് പ്രവേശിച്ചു:

1. ക്രിസ്തു നശിപ്പിക്കാനാകാത്ത ജീവനാൽ ജീവിക്കുന്നവനായതുകൊണ്ട് മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിയുകയില്ല—എബ്രാ. 7:16; പ്രവൃ. 2:24.

എബ്രാ. 7:16 അവനെ ജഡമയമായ കൽപനയുടെ പ്രമാണത്തിനൊത്തവണ്ണമല്ല, അനശ്വരമായ ജീവന്റെ ശക്തിക്കൊത്തവണ്ണമത്രേ നിയമിച്ചിരിക്കുന്നത്.

പ്രവൃ. 2:24 മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ അസാധ്യമായിരുന്നതിനാൽ, മരണയാതനകൾ അഴിച്ചുകൊണ്ട് ദൈവം അവനെ ഉയിർപ്പിച്ചു.

2. അവൻ തന്നെത്തന്നെ മരണത്തിന് ഏല്പിച്ചുകൊടുത്തു, എന്നാൽ മരണത്തിന് അവനെ പിടിച്ചുനിർത്തുവാൻ വഴിയുണ്ടായിരുന്നില്ല: മറിച്ച്, അവൻ മരണത്തെ പരാജയപ്പെടുത്തുകയും അതിൽനിന്നും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു.

B. നാം ക്രിസ്തുവിനെ അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയിലും, മണ്ഡലത്തിലും, മൂലകത്തിലും അറിയണം—ഫിലി. 3:10-11.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം

ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

C. ക്രിസ്തുവിന്റെ പുനരുത്ഥാനമായിരുന്നു അപ്പൊസ്തലന്മാരുടെ സാക്ഷ്യത്തിന്റെ കേന്ദ്രബിന്ദു—പ്രവൃ. 1:22; 2:32; 3:13, 15, 26; 4:33; 10:39-40; 13:33; 17:3, 18:

പ്രവൃ. 1:22 നമ്മെ അനുയാത്ര ചെയ്ത പുരുഷന്മാരിൽനിന്ന് ഒരുവൻ നമ്മോടുകൂടെ അവന്റെ പുനരുത്ഥാനത്തിന്റെ സാക്ഷിയാകേണം എന്നത് ആവശ്യമാകുന്നു.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

പ്രവൃ. 3:26 നിങ്ങൾ ഓരോരുത്തനെയും നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്നു തിരിക്കുന്നതിൽ നിങ്ങളെ അനുഗ്രഹിക്കുവാൻ, തന്റെ ദാസനെ ഉയിർപ്പിച്ചിട്ട് ദൈവം അവനെ ആദ്യം നിങ്ങൾക്ക് അയയ്ച്ചിരിക്കുന്നു.

പ്രവൃ. 4:33 അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

പ്രവൃ. 10:39 അവൻ യെഹൂദന്മാരുടെ ദേശത്തിലും യെരൂശലേമിലും ചെയ്ത സകല കാര്യങ്ങൾക്കും ഞങ്ങൾ സാക്ഷികൾ ആകുന്നു; അവനെ അവർ മരത്തിന്മേൽ തൂക്കി കൊന്നുകളഞ്ഞു.

പ്രവൃ. 10:40 ഇവനെ ദൈവം മൂന്നാം നാൾ ഉയിർപ്പിച്ചു; ദൈവം അവനെ വെളിവാക്കുകയും ചെയ്തു,

പ്രവൃ. 13:33 “നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

പ്രവൃ. 17:3 ക്രിസ്തു കഷ്ടം സഹിച്ച് മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കണം എന്നു തുറന്നു കാട്ടുകയും അവർക്കു മുമ്പാകെ വയ്ക്കുകയും ചെയ്തിട്ട്, ഞാൻ നിങ്ങളോട് അറിയിക്കുന്ന യേശു ആകുന്നു ആ ക്രിസ്തു എന്നു പറഞ്ഞ് അവരോട് വാദിച്ചു.

പ്രവൃ. 17:18 എപ്പിക്കൂര്യരും സ്തോയിക്കരുമായ തത്ത്വചിന്തകന്മാരിൽ ചിലരും അവനെ എതിരിട്ടു. ഈ വായാടി എന്തു പറയുവാൻ ആഗ്രഹിക്കുന്നു? എന്ന് ചിലരും, അവൻ യേശുവിനെയും പുനരുത്ഥാനത്തെയും സുവിശേഷമായി അറിയിക്കുന്നതിനാൽ അവൻ അന്യദേവന്മാരെ അറിയിക്കുന്നവൻ എന്നു തോന്നുന്നു എന്ന് മറ്റു ചിലരും പറഞ്ഞു.

1. ദൈവം തന്റെ ദാസനായ യേശുവിനെ അവന്റെ പുനരുത്ഥാനത്തിലൂടെയും ആരോഹണത്തിലൂടെയും മഹത്വപ്പെടുത്തി—ലൂക്കൊ. 24:26; പ്രവൃ. 3:13, 15, 26; 4:10, 33; 5:30-31.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

പ്രവൃ. 3:26 നിങ്ങൾ ഓരോരുത്തനെയും നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്നു തിരിക്കുന്നതിൽ നിങ്ങളെ അനുഗ്രഹിക്കുവാൻ, തന്റെ ദാസനെ ഉയിർപ്പിച്ചിട്ട് ദൈവം അവനെ ആദ്യം നിങ്ങൾക്ക് അയയ്ച്ചിരിക്കുന്നു.

പ്രവൃ. 4:10 നിങ്ങൾ ക്രൂശിച്ചവനും ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനുമായ, നസറായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ, ഈ നാമത്തിൽത്തന്നെ ഈ മനുഷ്യൻ നിങ്ങളുടെ മുമ്പാകെ നല്ല

ആരോഗ്യത്തോടെ നിൽക്കുന്നു എന്ന് നിങ്ങൾ എല്ലാവരും, യിസ്രായേലിലെ എല്ലാ ജനവും അറിഞ്ഞുകൊള്ളട്ടെ.

പ്രവൃ. 4:33 അപ്പൊസ്തലന്മാർ വലിയ ശക്തിയോടെ യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് സാക്ഷ്യം നൽകിവന്നു, എല്ലാവരുടെയും മേൽ വലിയ കൃപയും ഉണ്ടായിരുന്നു.

പ്രവൃ. 5:30 നിങ്ങൾ മരത്തിന്മേൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു.

പ്രവൃ. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

2. കർത്താവായ യേശുവിന്റെ പുനരുത്ഥാനം അവന്റെ ജഡാവതാരത്തിലേക്കും, മനുഷ്യത്വത്തിലേക്കും, മനുഷ്യജീവിതത്തിലേക്കും, ദൈവ-നിയോഗിത മരണത്തിലേക്കും പിന്നോട്ട് വിരൽ ചൂണ്ടുകയും, അവന്റെ ആരോഹണത്തിലേക്കും, സ്വർഗത്തിലെ ശുശ്രൂഷയിലേക്കും ഭരണനിർവഹണത്തിലേക്കും, മടങ്ങിവരവിലേക്കും മുന്നോട്ട് വിരൽ ചൂണ്ടുകയും ചെയ്യുന്നു—2:23; 1:9-11.

പ്രവൃ. 2:23 ദൈവത്തിന്റെ നിശ്ചയിക്കപ്പെട്ട ആലോചനയാലും മുന്നറിവിനാലും ഏൽപ്പിച്ച ശേഷം, നിങ്ങൾ അധർമികളുടെ കയ്യാൽ, ക്രൂശിൽ തറച്ചു കൊന്നു;

പ്രവൃ. 1:9 അവൻ ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവർ നോക്കിക്കൊണ്ടിരിക്കേ, അവൻ മേലോട്ട് ഉയർത്തപ്പെടുകയും, ഒരു മേഘം അവനെ അവരുടെ കാഴ്ച്ചയിൽനിന്ന് എടുത്തുകൊണ്ട് പോകുകയും ചെയ്തു.

പ്രവൃ. 1:10 അവൻ സ്വർഗത്തിലേക്കു പോകുന്നത് അവർ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഇതാ വെള്ളവസ്ത്രം ധരിച്ച രണ്ട് മനുഷ്യർ അവരുടെ അടുക്കൽ നിന്ന്,

പ്രവൃ. 1:11 ഗലീലാപുരുഷന്മാരേ, നിങ്ങൾ സ്വർഗത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ, കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു.

## II. പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു ആരോഹണത്തിലാണ്—1:9-11; 2:32-36; 5:31:

പ്രവൃ. 1:9 അവൻ ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവർ നോക്കിക്കൊണ്ടിരിക്കേ, അവൻ മേലോട്ട് ഉയർത്തപ്പെടുകയും, ഒരു മേഘം അവനെ അവരുടെ കാഴ്ച്ചയിൽനിന്ന് എടുത്തുകൊണ്ട് പോകുകയും ചെയ്തു.

പ്രവൃ. 1:10 അവൻ സ്വർഗത്തിലേക്കു പോകുന്നത് അവർ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഇതാ വെള്ളവസ്ത്രം ധരിച്ച രണ്ട് മനുഷ്യർ അവരുടെ അടുക്കൽ നിന്ന്,

പ്രവൃ. 1:11 ഗലീലാപുരുഷന്മാരേ, നിങ്ങൾ സ്വർഗത്തിലേക്ക് നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളിൽനിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ, കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്ന് പറഞ്ഞു.

പ്രവൃ. 2:32 ഈ യേശുവിനെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു, അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു.

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

പ്രവൃ. 2:34 ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല, എന്നാൽ അവൻ പറയുന്നു,

പ്രവൃ. 2:35 "ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദങ്ങൾക്ക് പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു."

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

പ്രവൃ. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

A. പുനരുത്ഥാനം ജീവന്റെ വിഷയമായിരിക്കുമ്പോൾ, ക്രിസ്തുവിന്റെ ആരോഹണം സ്ഥാനത്തിന്റെ ഒരു വിഷയമാണ്, സ്ഥാനം അധികാരത്തിന്റെ വിഷയമാണ്.

B. കർത്താവിന്റെ ആരോഹണം സ്വർഗത്തിലെ അവന്റെ ജീവിതത്തിലേക്കും ശുശ്രൂഷയിലേക്കുമുള്ള അവന്റെ പ്രാരംഭമായിരുന്നു; ഈ പ്രാരംഭം അവനെ ഒരു പുതിയ മണ്ഡലത്തിലേക്ക്, അതായത്, അവൻ ഇപ്പോൾ

ജീവിക്കുകയും, ശുശ്രൂഷിക്കുകയും ചെയ്യുന്നിടമായ സ്വർഗത്തിലേക്ക് കൊണ്ടുവന്നു.

C. കർത്താവിന്റെ ആരോഹണം അവനെ ഒരു പുതിയ ഘട്ടത്തിലേക്ക്—ദൈവത്തിന്റെ ഭരണനിർവ്വഹണത്തിന്റെ കേന്ദ്രമായ സ്വർഗത്തിൽ ജീവിക്കുന്ന പുനരുത്ഥാനം ചെയ്ത ഒരു മനുഷ്യന്റെ ഘട്ടത്തിലേക്ക്—കൊണ്ടുവുന്നു—വെളി. 5:6:

വെളി. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

1. ഈ ഉയിർത്തെഴുന്നേറ്റവൻ ഇപ്പോൾ ദൈവത്തിന്റെ ഭരണനിർവ്വഹണം നടപ്പാക്കുവാൻ സ്വർഗത്തിൽ ഇരിക്കുന്നു—എബ്രാ. 12:2.

എബ്രാ. 12:2 നമ്മുടെ വിശ്വാസത്തിന്റെ കാരണഭൂതനും വിശ്വാസത്തെ തികയ്ക്കുന്നവനുമായ യേശുവിങ്കലേക്ക് നോക്കിക്കൊണ്ടു തന്നെ, അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.

2. ഉയിർത്തെഴുന്നേറ്റ ക്രിസ്തു ദൈവത്താൽ ഉയർത്തപ്പെടുവാനും എല്ലാറ്റിന്റെയും മേലുള്ള രാജത്വവും, കർത്തൃത്വവും, തലയായ്മയും നൽകപ്പെടുവാനുമായി സ്വർഗത്തിലേക്ക് ആരോഹണം ചെയ്തു—ഫിലി. 2:9-11; എഫെ. 1:22.

ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

D. ആരോഹണം ചെയ്ത ക്രിസ്തു സിംഹാസനവും തേജസ്സും പ്രപഞ്ചത്തിലെ എല്ലാ അധികാരവും കരസ്ഥമാക്കിയിരിക്കുന്നു—വെളി. 5:6; എബ്രാ. 1:3; 2:9; മത്താ. 28:18.

വെളി. 5:6 സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്.

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

എബ്രാ. 2:9 എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു.

മത്താ. 28:18 യേശുവോ വന്ന് അവരോടു പറഞ്ഞത്, സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു.

E. ആരോഹണം ചെയ്ത ക്രിസ്തു സകലവും കൈവശമാക്കുവാൻ സകലത്തിന്റെയും കർത്താവാണ്—പ്രവൃ. 2:36:

പ്രവൃ. 2:36 അതുകൊണ്ട് നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ, ദൈവം കർത്താവും ക്രിസ്തുവും ആക്കിയിരിക്കുന്നു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ.

1. ക്രിസ്തുവിന്റെ കർത്തൃത്വം അവന്റെ ആരോഹണത്തിൽ അവൻ നേടിയ ഏറ്റവും പ്രധാനപ്പെട്ട വശങ്ങളിൽ ഒന്നാണ്—10:36.

പ്രവൃ. 10:36 യേശു ക്രിസ്തുവിലൂടെ (ഇവൻ എല്ലാവരുടെയും കർത്താവാകുന്നു) സമാധാനത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് യിസ്രായേൽ പുത്രന്മാർക്ക് അവൻ അയച്ച വചനം,

2. ക്രിസ്തുവിന്റെ കർത്തൃത്വം അവന്റെ ആരോഹണത്തിൽ പൂർണ്ണമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാൽ അവന്റെ ശരീരത്തിലെ അവയവങ്ങളായ നാം ഈ സ്വർഗീയ വസ്തുത തിരിച്ചറിയണം—എഫെ. 1:20-21.

| | |
|---|---|
| എഫെ. 1:20 | അത് അവൻ ക്രിസ്തുവിൽ വ്യാപരിക്കുമാറാക്കി, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കുകയും സ്വർഗീയങ്ങളിൽ അവന്റെ വലത്തുഭാഗത്ത്, |
| എഫെ. 1:21 | സകല വാഴ്ച്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ യുഗത്തിൽ മാത്രമല്ല വരുവാനുള്ളതിലും നാമകരണം ചെയ്തിട്ടുള്ള സകല നാമത്തിനും അത്യന്തംമീതെ അവനെ ഇരുത്തുകയും; |

F. സുവിശേഷം പ്രചരിപ്പിക്കുന്നതിനും സഭ കെട്ടുപണി ചെയ്യുന്നതിനുമുള്ള ദൈവത്തിന്റെ നിയോഗം നിർവഹിക്കുന്ന ദൈവത്തിന്റെ അഭിഷിക്തനാണ് ആരോഹണം ചെയ്ത ക്രിസ്തു—പ്രവൃ. 1:8.

| | |
|---|---|
| പ്രവൃ. 1:8 | എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു. |

**III. പ്രവൃത്തികളിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തു സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ്—3:14-15, 25-26; 5:30-32; 7:56; 10:36, 39-43; 16:31; 17:30-31; 20:28:**

| | |
|---|---|
| പ്രവൃ. 3:14 | വിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നിഷേധിക്കുകയും കൊലപാതകനായ ഒരു മനുഷ്യനെ നിങ്ങൾക്കു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു; |
| പ്രവൃ. 3:15 | ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു. |
| പ്രവൃ. 3:25 | നിങ്ങൾ പ്രവാചകന്മാരുടെയും, “ഭൂമിയിലെ സകല കുടുംബങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും” എന്ന് അബ്രാഹാമിനോട് പറഞ്ഞുകൊണ്ട് ദൈവം നിങ്ങളുടെ പിതാക്കന്മാരോട് ഉടമ്പടി ചെയ്ത ഉടമ്പടിയുടെയും പുത്രന്മാർ ആകുന്നു. |
| പ്രവൃ. 3:26 | നിങ്ങൾ ഓരോരുത്തനെയും നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്നു തിരിക്കുന്നതിൽ നിങ്ങളെ അനുഗ്രഹിക്കുവാൻ, തന്റെ ദാസനെ ഉയിർപ്പിച്ചിട്ട് ദൈവം അവനെ ആദ്യം നിങ്ങൾക്ക് അയയ്ച്ചിരിക്കുന്നു. |
| പ്രവൃ. 5:30 | നിങ്ങൾ മരത്തിന്മേൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു. |
| പ്രവൃ. 5:31 | ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു. |
| പ്രവൃ. 5:32 | ഞങ്ങളും, അതുപോലെ ദൈവം തന്നെ അനുസരിക്കുന്നവർക്കു |

നൽകിയിരിക്കുന്ന പരിശുദ്ധാത്മാവും, ഈ കാര്യങ്ങൾക്ക് സാക്ഷികൾ ആകുന്നു.

| | |
|---|---|
| പ്രവൃ. 7:56 | ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞു. |
| പ്രവൃ. 10:36 | യേശു ക്രിസ്തുവിലൂടെ (ഇവൻ എല്ലാവരുടെയും കർത്താവാകുന്നു) സമാധാനത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് യിസ്രായേൽ പുത്രന്മാർക്ക് അവൻ അയച്ച വചനം, |
| പ്രവൃ. 10:39 | അവൻ യെഹൂദന്മാരുടെ ദേശത്തിലും യെരൂശലേമിലും ചെയ്ത സകല കാര്യങ്ങൾക്കും ഞങ്ങൾ സാക്ഷികൾ ആകുന്നു; അവനെ അവർ മരത്തിന്മേൽ തൂക്കി കൊന്നുകളഞ്ഞു. |
| പ്രവൃ. 10:40 | ഇവനെ ദൈവം മൂന്നാം നാൾ ഉയിർപ്പിച്ചു; ദൈവം അവനെ വെളിവാക്കുകയും ചെയ്തു, |
| പ്രവൃ. 10:41 | എല്ലാ ജനത്തിനുമല്ല, ദൈവം മുൻകൂട്ടി നിയമിച്ചവരും, അവൻ മരിച്ചവരിൽനിന്ന് ഉയിർത്തശേഷം അവനോടുകൂടെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്ത, സാക്ഷികളായ ഞങ്ങൾക്കുതന്നെ. |
| പ്രവൃ. 10:42 | ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപനായി ദൈവത്താൽ നിയുക്തനായവൻ ഇവൻ ആകുന്നു എന്ന് ജനത്തോടു പ്രഖ്യാപിക്കുവാനും ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാനും അവൻ ഞങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു. |
| പ്രവൃ. 10:43 | അവന്റെ നാമം മുഖാന്തരം അവനിലേക്കു വിശ്വസിക്കുന്ന എല്ലാവർക്കും പാപങ്ങളുടെ ക്ഷമ ലഭിക്കും എന്ന് എല്ലാ പ്രവാചകന്മാരും ഇവന് സാക്ഷ്യം പറയുന്നു. |
| പ്രവൃ. 16:31 | കർത്താവായ യേശുവിന്മേൽ വിശ്വസിക്കുക, നീയും നിന്റെ ഭവനക്കാരും രക്ഷിക്കപ്പെടും എന്ന് അവർ പറഞ്ഞു. |
| പ്രവൃ. 17:30 | അതുകൊണ്ട് അജ്ഞതയുടെ കാലങ്ങളെ അവഗണിച്ചിട്ട്, ദൈവം ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാ മനുഷ്യരോടും മാനസാന്തരപ്പെടുവാൻ ആജ്ഞാപിക്കുന്നു, |
| പ്രവൃ. 17:31 | എന്തുകൊണ്ടെന്നാൽ അവൻ നിയുക്തനാക്കിയ മനുഷ്യനാൽ നീതിയിൽ ലോകത്തെ ന്യായംവിധിക്കുന്ന ഒരു ദിവസം അവൻ വച്ചിരിക്കുന്നു, അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ച് എല്ലാവർക്കും തെളിവു നൽകിയിരിക്കുന്നു. |
| പ്രവൃ. 20:28 | നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ. |

A. ക്രിസ്തു ജീവന്റെ കാരണഭൂതനാണ്—3:14-15:

പ്രവൃ. 3:14 വിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നിഷേധിക്കുകയും കൊലപാതകനായ ഒരു മനുഷ്യനെ നിങ്ങൾക്കു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു;

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

1. "കാരണഭൂതൻ" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം സൂചിപ്പിക്കുന്നതുപോലെ, ക്രിസ്തു ജീവന്റെ ഉത്ഭവം, അഥവാ ഉത്ഭവിപ്പിക്കുന്നവൻ ആണ്; അവൻ ജീവന്റെ കാരണഭൂതൻ, മുഖ്യ നായകൻ ആണ്—വാ. 15.

   പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

2. പ്രവൃത്തികൾ 3-ൽ മറ്റുള്ളവരിലേക്കുള്ള ജീവപകർച്ചയെ നാം കാണുന്നു, അത് ക്രിസ്തുവിനെ പ്രചരിപ്പിക്കുന്നതിനാണ്; ഇങ്ങനെയുള്ള ഒരു പ്രചാരണത്തിന്, ജീവന്റെ കാരണഭൂതനായി, ജീവന്റെ ഉറവിടമായി നമുക്ക് കർത്താവിനെ ആവശ്യമാണ്.

   Acts 3 be omitted.

3. ജീവന്റെ കാരണഭൂതൻ എന്ന നിലയിൽ, ക്രിസ്തു വിശുദ്ധനും നീതിമാനുമാണ്—വാ. 14.

   പ്രവൃ. 3:14 വിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നിഷേധിക്കുകയും കൊലപാതകനായ ഒരു മനുഷ്യനെ നിങ്ങൾക്കു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു;

B. ക്രിസ്തു ദൈവത്തിന്റെ ദാസനാണ്—വാ. 25-26:

പ്രവൃ. 3:25 നിങ്ങൾ പ്രവാചകന്മാരുടെയും, "ഭൂമിയിലെ സകല കുടുംബങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും" എന്ന് അബ്രാഹാമിനോട് പറഞ്ഞുകൊണ്ട് ദൈവം നിങ്ങളുടെ പിതാക്കന്മാരോട് ഉടമ്പടി ചെയ്ത ഉടമ്പടിയുടെയും പുത്രന്മാർ ആകുന്നു.

പ്രവൃ. 3:26 നിങ്ങൾ ഓരോരുത്തനെയും നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്നു തിരിക്കുന്നതിൽ നിങ്ങളെ അനുഗ്രഹിക്കുവാൻ, തന്റെ ദാസനെ ഉയിർപ്പിച്ചിട്ട് ദൈവം അവനെ ആദ്യം നിങ്ങൾക്ക് അയയ്ച്ചിരിക്കുന്നു.

1. അബ്രാഹാമിന്റെ സന്തതിയും ദൈവത്തിന്റെ ദാസനുമെന്ന നിലയിൽ, ക്രിസ്തുവിൽ ഭൂമിയിലുള്ള എല്ലാ കുടുംബങ്ങളും—എല്ലാ വംശങ്ങളും, വർണ്ണങ്ങളും, ദേശക്കാരും—അനുഗ്രഹിക്കപ്പെടും—വാക്യം 25-26.

   പ്രവൃ. 3:25 നിങ്ങൾ പ്രവാചകന്മാരുടെയും, "ഭൂമിയിലെ സകല

കുടുംബങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും" എന്ന് അബ്രാഹാമിനോട് പറഞ്ഞുകൊണ്ട് ദൈവം നിങ്ങളുടെ പിതാക്കന്മാരോട് ഉടമ്പടി ചെയ്ത ഉടമ്പടിയുടെയും പുത്രന്മാർ ആകുന്നു.

പ്രവൃ. 3:26 നിങ്ങൾ ഓരോരുത്തനെയും നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്നു തിരിക്കുന്നതിൽ നിങ്ങളെ അനുഗ്രഹിക്കുവാൻ, തന്റെ ദാസനെ ഉയിർപ്പിച്ചിട്ട് ദൈവം അവനെ ആദ്യം നിങ്ങൾക്ക് അയയ്ച്ചിരിക്കുന്നു.

2. പെന്തക്കോസ്ത് നാളിൽ ആത്മാവിനെ പകർന്നുകൊണ്ട് ആരോഹണം ചെയ്ത ക്രിസ്തുവിനെ ദൈവം ഒരു അനുഗ്രഹമായി മടക്കി അയച്ചു; തന്മൂലം, ദൈവം പകർന്നവനായ ആത്മാവ് ദൈവം ഉയിർപ്പിച്ചവനും സ്വർഗത്തിലേക്ക് ഉയർത്തപ്പെട്ടവനുമായ ക്രിസ്തുവായിരുന്നു—2:33; 3:13-15, 25-26.

പ്രവൃ. 2:33 അവൻ ദൈവത്തിന്റെ വലത്തുഭാഗത്തേക്ക് ഉയർത്തപ്പെടുകയും, പിതാവിൽനിന്ന് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിട്ട്, നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പുറത്തേക്കൊഴിച്ചിരിക്കുന്നു.

പ്രവൃ. 3:13 നിങ്ങൾ ഏൽപ്പിച്ചുകൊടുക്കുകയും, അവനെ വിട്ടയയ്ക്കുവാൻ തീരുമാനിച്ചപ്പോൾ, പീലാത്തൊസിന്റെ സന്നിധിയിൽ നിങ്ങൾ നിഷേധിക്കുകയും ചെയ്ത, തന്റെ ദാസനായ യേശുവിനെ, നമ്മുടെ പിതാക്കന്മാരുടെ ദൈവമായ, അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, മഹത്വപ്പെടുത്തിയിരിക്കുന്നു.

പ്രവൃ. 3:14 വിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ നിഷേധിക്കുകയും കൊലപാതകനായ ഒരു മനുഷ്യനെ നിങ്ങൾക്കു നൽകുവാൻ ആവശ്യപ്പെടുകയും ചെയ്തു;

പ്രവൃ. 3:15 ജീവന്റെ കാരണഭൂതനെ നിങ്ങൾ കൊന്നുകളഞ്ഞു, അവനെ ദൈവം മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു, അതിന് ഞങ്ങൾ സാക്ഷികൾ ആകുന്നു.

പ്രവൃ. 3:25 നിങ്ങൾ പ്രവാചകന്മാരുടെയും, "ഭൂമിയിലെ സകല കുടുംബങ്ങളും നിന്റെ സന്തതിയിൽ അനുഗ്രഹിക്കപ്പെടും" എന്ന് അബ്രാഹാമിനോട് പറഞ്ഞുകൊണ്ട് ദൈവം നിങ്ങളുടെ പിതാക്കന്മാരോട് ഉടമ്പടി ചെയ്ത ഉടമ്പടിയുടെയും പുത്രന്മാർ ആകുന്നു.

പ്രവൃ. 3:26 നിങ്ങൾ ഓരോരുത്തനെയും നിങ്ങളുടെ ദുഷ്പ്രവൃത്തികളിൽനിന്നു തിരിക്കുന്നതിൽ നിങ്ങളെ അനുഗ്രഹിക്കുവാൻ, തന്റെ ദാസനെ ഉയിർപ്പിച്ചിട്ട് ദൈവം അവനെ ആദ്യം നിങ്ങൾക്ക് അയയ്ച്ചിരിക്കുന്നു.

C. ക്രിസ്തു നായകനും രക്ഷകനുമാണ്—5:30-32:

പ്രവൃ. 5:30 നിങ്ങൾ മരത്തിന്മേൽ തൂക്കിക്കൊന്ന യേശുവിനെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചിരിക്കുന്നു.

പ്രവൃ. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

പ്രവൃ. 5:32 ഞങ്ങളും, അതുപോലെ ദൈവം തന്നെ അനുസരിക്കുന്നവർക്കു നൽകിയിരിക്കുന്ന പരിശുദ്ധാത്മാവും, ഈ കാര്യങ്ങൾക്ക് സാക്ഷികൾ ആകുന്നു.

1. മനുഷ്യനായ യേശുവിനെ ദൈവം പരമോന്നത നായകനായും, പ്രഭുവായും, ലോകത്തെ ഭരിക്കുന്ന രാജാക്കന്മാരുടെ ഭരണാധികാരിയായും, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ രക്ഷിക്കാൻ രക്ഷകനായും ഉയർത്തി—വെളി. 1:5; 19:16; പ്രവൃ. 5:31.

വെളി. 1:5 വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ. നമ്മെ സ്നേഹിക്കുകയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ വിടുവിക്കുകയും,

വെളി. 19:16 അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്.

പ്രവൃ. 5:31 ഇവനെ ദൈവം, യിസ്രായേലിന് മാനസാന്തരവും പാപങ്ങളുടെ ക്ഷമയും നൽകുവാൻ, നായകനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തിയിരിക്കുന്നു.

2. *നായകൻ* അവന്റെ അധികാരത്തോടു ബന്ധപ്പെട്ടും, *രക്ഷകൻ* അവന്റെ രക്ഷയോടു ബന്ധപ്പെട്ടുമിരിക്കുന്നു; ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് അവന്റെ രക്ഷ സ്വീകരിക്കുവാനുള്ള പരിതസ്ഥിതി അനുയോജ്യമാകേണ്ടതിന് അവൻ തന്റെ അധികാരത്തോടുകൂടെ ഭൂമിയുടെമേൽ സർവാധികാരത്തിൽ ഭരിക്കുന്നു—പ്ര.നി. 17:26-27.

പ്രവൃ. 17:26 സർവഭൂമുഖത്തും വസിക്കുവാൻ അവൻ ഒരുവനിൽനിന്ന് മനുഷ്യരുടെ സകല ജാതിയെയും ഉണ്ടാക്കി, അവർക്ക് നിയമിക്കപ്പെട്ട കാലങ്ങളും അവരുടെ നിവാസത്തിന് അതിരുകളും മുന്നമേ നിർണയിച്ചു,

പ്രവൃ. 17:27 നമ്മിൽ ഓരോരുത്തനിൽ നിന്നും അവൻ അകലെ അല്ലെങ്കിൽപോലും, അവനെ തപ്പിനോക്കി കണ്ടെത്തുമെന്നുവച്ച്, അവർ ദൈവത്തെ അന്വേഷിക്കേണ്ടതിനു തന്നെ;

D. ക്രിസ്തു മനുഷ്യപുത്രനാണ്—7:56:

പ്രവൃ. 7:56 ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞു.

1. തനിക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ചവന് ആശ്വാസവും പ്രോത്സാഹനവും ബലവുമായിരിക്കുവാൻ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് നിൽക്കുന്ന മനുഷ്യപുത്രനാണെന്ന് പ്രവൃത്തികൾ 7:56 വെളിപ്പെടുത്തുന്നു.

   പ്രവൃ. 7:56 ഇതാ, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്ന് പറഞ്ഞു.

2. ആരോഹണം ചെയ്ത ക്രിസ്തുവിനെ മനുഷ്യപുത്രനായി സ്തെഫാനോസ് കണ്ടു; സ്വർഗത്തിലിരിക്കുന്ന ക്രിസ്തുവിന് ഇപ്പോഴും മനുഷ്യത്വമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു; അവന് ഇപ്പോഴും അവന്റെ മനുഷ്യ പ്രകൃതമുണ്ട്.

E. ക്രിസ്തു ദൈവമാണ്—20:28:

പ്രവൃ. 20:28 നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

1. നമ്മുടെ ദൈവമെന്ന നിലയിൽ ക്രിസ്തു സഭയെ വിലയ്ക്കു വാങ്ങിയവനാണ്, തന്റെ സ്വന്ത രക്തത്താൽ സഭയെ നേടിവനാണ്—വാ. 28.

   പ്രവൃ. 20:28 നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

2. ദൈവം "തന്റെ സ്വന്ത രക്തത്താൽ" (വാ. 28), "തന്റെ പുത്രനായ യേശുവിന്റെ രക്തത്താൽ" (1 യോഹ. 1:7) സഭയെ സ്വന്തമാക്കുകയും, വിലയ്ക്കു വാങ്ങുകയും, വീണ്ടെടുക്കുകയും ചെയ്തു.

പ്രവൃ. 20:28 — നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

1 യോഹ. 1:7 — എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

3. ക്രിസ്തു ദൈവ-മനുഷ്യനായി ക്രൂശിൽ മരിച്ചു; നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി അവിടെ അവൻ ചൊരിഞ്ഞ രക്തം മനുഷ്യനായ യേശുവിന്റെ രക്തം മാത്രമല്ല, ദൈവ-മനുഷ്യന്റെ രക്തവുമായിരുന്നു.

4. സഭയെ നേടുവാൻ ദൈവം ഉപയോഗിച്ച രക്തം ദൈവത്തിന്റെ സ്വന്തം രക്തമാണ്.

F. ക്രിസ്തു എല്ലാവരുടെയും കർത്താവാണ്—പ്രവൃ. 10:36:

പ്രവൃ. 10:36 — യേശു ക്രിസ്തുവിലൂടെ (ഇവൻ എല്ലാവരുടെയും കർത്താവാകുന്നു) സമാധാനത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് യിസ്രായേൽ പുത്രന്മാർക്ക് അവൻ അയച്ച വചനം,

1. പ്രവൃത്തികൾ 10:36-ലെ *എല്ലാവരുടെയും* എന്നത് എല്ലാ ജനങ്ങളെയും സൂചിപ്പിക്കുന്നു—1 തിമൊ. 2:4.

പ്രവൃ. 10:36 — യേശു ക്രിസ്തുവിലൂടെ (ഇവൻ എല്ലാവരുടെയും കർത്താവാകുന്നു) സമാധാനത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ട് യിസ്രായേൽ പുത്രന്മാർക്ക് അവൻ അയച്ച വചനം,

1 തിമൊ. 2:4 — സകല മനുഷ്യരും രക്ഷിക്കപ്പെടുവാനും സത്യത്തിന്റെ പൂർണ്ണ പരിജ്ഞാനത്തിലേക്കു വരുവാനും അവൻ ഇച്ഛിക്കുന്നു.

2. ആരോഹണം ചെയ്ത ക്രിസ്തു ഭൂമിയിലെ എല്ലാ വ്യത്യസ്ത വംശങ്ങളുടെയും ജനങ്ങളുടെയും കർത്താവാണ്; അവന് മുഖപക്ഷമില്ല—വെളി. 5:9.

വെളി. 5:9 — അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ

യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും,

G. ക്രിസ്തു ന്യായാധിപനാണ്—പ്രവൃ. 10:39-43:

പ്രവൃ. 10:39 അവൻ യെഹൂദന്മാരുടെ ദേശത്തിലും യെരൂശലേമിലും ചെയ്ത സകല കാര്യങ്ങൾക്കും ഞങ്ങൾ സാക്ഷികൾ ആകുന്നു; അവനെ അവർ മരത്തിന്മേൽ തൂക്കി കൊന്നുകളഞ്ഞു.

പ്രവൃ. 10:40 ഇവനെ ദൈവം മൂന്നാം നാൾ ഉയിർപ്പിച്ചു; ദൈവം അവനെ വെളിവാക്കുകയും ചെയ്തു,

പ്രവൃ. 10:41 എല്ലാ ജനത്തിനുമല്ല, ദൈവം മുൻകൂട്ടി നിയമിച്ചവരും, അവൻ മരിച്ചവരിൽനിന്ന് ഉയിർത്തശേഷം അവനോടുകൂടെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്ത, സാക്ഷികളായ ഞങ്ങൾക്കുതന്നെ.

പ്രവൃ. 10:42 ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപനായി ദൈവത്താൽ നിയുക്തനായവൻ ഇവൻ ആകുന്നു എന്ന് ജനത്തോടു പ്രഖ്യാപിക്കുവാനും ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാനും അവൻ ഞങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു.

പ്രവൃ. 10:43 അവന്റെ നാമം മുഖാന്തരം അവനിലേക്കു വിശ്വസിക്കുന്ന എല്ലാവർക്കും പാപങ്ങളുടെ ക്ഷമ ലഭിക്കും എന്ന് എല്ലാ പ്രവാചകന്മാരും ഇവന് സാക്ഷ്യം പറയുന്നു.

1. ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപനായിരിക്കുവാൻ ക്രിസ്തു ദൈവത്താൽ നിയുക്തനാക്കപ്പെട്ടിരിക്കുന്നു—വാ. 42.

പ്രവൃ. 10:42 ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായാധിപനായി ദൈവത്താൽ നിയുക്തനായവൻ ഇവൻ ആകുന്നു എന്ന് ജനത്തോടു പ്രഖ്യാപിക്കുവാനും ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാനും അവൻ ഞങ്ങളോട് ആജ്ഞാപിച്ചിരിക്കുന്നു.

2. ദൈവം നീതിയിൽ നിയോഗിക്കുകയും ദൈവം മരിച്ചവരിൽനിന്ന് അവനെ ഉയിർപ്പിച്ചതിലൂടെ തെളിയിക്കുകയും ചെയ്തവനായ ക്രിസ്തു ലോകത്തെ ന്യായം വിധിക്കാനുള്ള മനുഷ്യനാണ്—17:30-31.

പ്രവൃ. 17:30 അതുകൊണ്ട് അജ്ഞതയുടെ കാലങ്ങളെ അവഗണിച്ചിട്ട്, ദൈവം ഇപ്പോൾ എല്ലായിടത്തുമുള്ള എല്ലാ മനുഷ്യരോടും മാനസാന്തരപ്പെടുവാൻ ആജ്ഞാപിക്കുന്നു,

പ്രവൃ. 17:31 എന്തുകൊണ്ടെന്നാൽ അവൻ നിയുക്തനാക്കിയ മനുഷ്യനാൽ നീതിയിൽ ലോകത്തെ ന്യായംവിധിക്കുന്ന ഒരു ദിവസം അവൻ വച്ചിരിക്കുന്നു, അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ച് എല്ലാവർക്കും തെളിവു നൽകിയിരിക്കുന്നു.

H. വിശ്വാസികളുടെ വിശ്വാസത്തിന്റെ വസ്തുവായ ക്രിസ്തു കർത്താവായ യേശുവാണ്—16:31:

പ്രവൃ. 16:31 കർത്താവായ യേശുവിന്മേൽ വിശ്വസിക്കുക, നീയും നിന്റെ ഭവനക്കാരും രക്ഷിക്കപ്പെടും എന്ന് അവർ പറഞ്ഞു.

1. സുവിശേഷത്തിൽ വിശ്വസിക്കുന്നത് മുഖ്യമായി യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നതാണ്—വാ. 31.

   പ്രവൃ. 16:31 കർത്താവായ യേശുവിന്മേൽ വിശ്വസിക്കുക, നീയും നിന്റെ ഭവനക്കാരും രക്ഷിക്കപ്പെടും എന്ന് അവർ പറഞ്ഞു.

2. കർത്താവായ യേശുവിൽ വിശ്വസിക്കുന്നത് ക്രിസ്തു എന്ന വ്യക്തിയിലും അവൻ നിവർത്തിച്ച എല്ലാറ്റിലും നിൽക്കുന്നതാണ്; അത് ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ വിശ്വാസത്തെ സംരചിക്കുന്നു—1 തിമൊ. 1:4.

   1 തിമൊ. 1:4 വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

## ക്രിസ്തുവിനെ പ്രസംഗിക്കുന്നത്

## ക്രിസ്തുവിനെ കേന്ദ്രമാക്കിക്കൊണ്ട്

പൗലൊസിന്റെ പ്രസംഗവും ഉപദേശവും പഴയനിയമത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണെന്ന് നാം കണ്ടു. എങ്കിലും, പഴയനിയമത്തിൽ നിരവധി കാര്യങ്ങൾ—ചരിത്രവും, ന്യായപ്രമാണവും, മുൻകുറികളും, പ്രവചനങ്ങളും—അടങ്ങിയിരിക്കുന്നു. യഹൂദന്മാർ ആഴ്ചതോറും പഴയനിയമം പഠിക്കുന്നുവെങ്കിലും അവർ ക്രിസ്തുവിന് ശ്രദ്ധ നൽകിയില്ല. മിശിഹായെക്കുറിച്ച് അവർക്ക് ചില ചിന്തകളുണ്ടായിരുന്നു, എന്നാൽ ക്രിസ്തുവിനെക്കുറിച്ച് ഒരു ഗ്രാഹ്യവും അവർക്കുണ്ടായിരുന്നില്ല. പ്രസംഗിക്കുവാനും ഉപദേശിക്കുവാനും പൗലൊസ് സിനഗോഗുകളിൽ പോയപ്പോൾ, അവൻ ക്രിസ്തു അല്ലാത്ത യാതൊന്നിനുവേണ്ടിയും കരുതിയില്ല.

പൗലൊസ് ക്രിസ്തുവിനെ, ക്രിസ്തുവിനെ മാത്രം പ്രസംഗിച്ചുവെന്ന് ചിലർ കേൾക്കുമ്പോൾ, അവർ ഇങ്ങനെ പറഞ്ഞേക്കാം: "പൗലൊസ് തന്റെ പ്രസംഗം ആരംഭിച്ചത് പഴയനിയമത്തിലെ ചരിത്രത്തിന്റെ വിവരണത്തോടുകൂടെയല്ലേ? ദൈവം തന്റെ ജനത്തെ മിസ്രയീമിൽനിന്ന് കൊണ്ടുവന്നതിനെക്കുറിച്ചും ശൗലിനെയും ദാവീദിനെയും കുറിച്ചും അവൻ സംസാരിച്ചില്ലേ?" അതെ, പൗലൊസ് ആ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു, എന്നാൽ ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനുള്ള വഴി ഒരുക്കുന്നതിനാണ് അവൻ അങ്ങനെ ചെയ്തത്. ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനാണെന്നതിനെക്കുറിച്ചുള്ള വചനം പ്രവൃത്തികൾ 13:22-ൽ പൗലൊസ് ഉദ്ധരിച്ചു. പിന്നെ വാക്യം 23-ൽ അവൻ തുടർന്നു പറഞ്ഞു: "ഇവന്റെ സന്തതിയിൽനിന്ന്, ദൈവം, വാഗ്ദത്തപ്രകാരം, യേശു എന്ന രക്ഷകനെ യിസ്രായേലിന് കൊണ്ടുവന്നു." ഒരു ചെറിയ ആമുഖത്തിനുശേഷം, ക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള തന്റെ നിർണായക സന്ദേശത്തിലേക്ക് അവൻ വന്നതായി ഇവിടെ നാം കാണുന്നു. ദാവീദിന്റെ കാലം വരെയുള്ള ചരിത്രത്തിൽനിന്ന് ആരംഭിച്ചതിനുശേഷം, ദാവീദിന്റെ സന്തതിയിൽനിന്ന് ദൈവം ഒരു രക്ഷകനെ, യേശുക്രിസ്തുവിനെ, പുറപ്പെടുവിച്ചുവെന്ന് പൗലൊസ് ചൂണ്ടിക്കാണിച്ചു. അവനോടുകൂടെ രക്ഷയുണ്ട്.

13:24-ലും 25-ലും പൗലൊസ് യോഹന്നാൻ സ്നാപകനെ പരാമർശിച്ചു: "അവന്റെ പരസ്യപ്രവേശനത്തിനുമുമ്പ് യോഹന്നാൻ യിസ്രായേലിലെ സകല ജനത്തോടും മാനസാന്തര സ്നാനം പ്രഖ്യാപിച്ചു. യോഹന്നാന്റെ ഓട്ടം പൂർത്തിയാകാറായപ്പോൾ, അവൻ പറഞ്ഞു, ഞാൻ ആരാകുന്നു എന്ന് നിങ്ങൾ കരുതുന്നു? ഞാൻ ക്രിസ്തു അല്ല. എന്നാൽ ഇതാ, ഒരുവൻ എന്റെ പിന്നാലെ വരുന്നു, അവന്റെ പാദങ്ങളിലെ ചെരുപ്പ് അഴിക്കുവാൻ ഞാൻ യോഗ്യനല്ല." അക്ഷരാർത്ഥത്തിൽ, "അവന്റെ പരസ്യപ്രവേശനത്തിനു മുമ്പ് " എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവന പദങ്ങളുടെ അർഥം "അവന്റെ പ്രവേശനത്തിന്റെ മുഖത്തിനു മുമ്പ്" എന്നാണ്. ക്രിസ്തുവിന്റെ പൊതുപ്രവേശനത്തിനുമുമ്പ്, യോഹന്നാൻ മാനസാന്തരസ്നാനം പ്രഖ്യാപിച്ചു എന്ന് പൗലൊസ് ഇവിടെ ചൂണ്ടിക്കാണിച്ചു. മാനസാന്തരം എന്നത് ഒരുവന്റെ മനസ്സിന്റെ മാറ്റവും, സ്നാനം എന്നത് മാനസാന്തരപ്പെട്ടവരെ രക്ഷകൻ വീണ്ടുംജനനത്താൽ മുളപ്പിക്കേണ്ടതിന് അവരെ അവസാനിപ്പിച്ചുകൊണ്ട് അവരെ അടക്കുന്നതും ആണ് (യോഹ. 3:3, 5-6).

"ഈ രക്ഷയുടെ വചന"ത്തെക്കുറിച്ച് (പ്രവൃ 13:26) പൗലൊസ് തുടർന്നു പറഞ്ഞപ്പോൾ, അവൻ ക്രിസ്തുവിന്റെ ക്രൂശുമരണത്തെ ഊന്നിപ്പറഞ്ഞു. യിസ്രായേൽജനം അവനെ മരണത്തിനേല്പിച്ചുവെന്ന് അവൻ ചൂണ്ടിക്കാണിച്ചു. വാക്യം 27-ൽ അവൻ പറഞ്ഞു: "യെരൂശലേമിൽ വസിക്കുന്നവരും അവരുടെ പ്രമാണിമാരും ഇവനെയും എല്ലാ ശബ്ബത്തിലും വായിക്കുന്ന പ്രവാചകന്മാരുടെ വചനങ്ങളെയും കുറിച്ച് അജ്ഞരായിരുന്നിട്ട് അവനെ ന്യായംവിധിച്ചുകൊണ്ട് അവയെ നിവർത്തിച്ചു." അവനെ മരണശിക്ഷയ്ക്ക് ഏല്പിച്ചുകൊണ്ട് അവർ കർത്താവായ യേശുവിനെ ന്യായംവിധിച്ചു (ലൂക്കൊ. 24:20). "അവനെക്കുറിച്ച് എഴുതിയിരിക്കുന്നതെല്ലാം അവർ നിർവഹിച്ചു കഴിഞ്ഞപ്പോൾ അവർ അവനെ മരത്തിൽനിന്ന് ഇറക്കി ഒരു കല്ലറയിൽ വച്ചു" (പ്രവൃ. 13:29).

## മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു

വാക്യം 30 മുതൽ പൗലൊസ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് സംസാരിച്ചു: "എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു." ദൈവം യേശുവിനെ ഉയിർപ്പിച്ചുവെന്നും (2:24, 32) അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നും (10:40-41) പ്രവൃത്തികളുടെ പുസ്തകം നമ്മോട് പറയുന്നുവെന്ന് നാം കണ്ടു. പുതിയനിയമം കർത്താവിനെ ഒരു മനുഷ്യനായി കണക്കാക്കിക്കൊണ്ട് ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു (റോമർ 8:11) എന്നു പറയുന്നു. എന്നാൽ അവനെ ദൈവമായി കണക്കാക്കിക്കൊണ്ട് അവൻതന്നെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു (14:9) എന്ന് അത് നമ്മോട് പറയുന്നു.

### പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ

ഉയിർത്തെഴുന്നേറ്റ ക്രിസ്തു "തന്നോടൊപ്പം ഗലീലയിൽ നിന്ന് യെരൂശലേമിലേക്ക് വന്നവർക്ക് പ്രത്യക്ഷനായി; അവർ ഇപ്പോൾ ജനത്തിന് അവന്റെ സാക്ഷികൾ ആകുന്നു" (പ്രവൃ. 13:31) എന്ന് ചൂണ്ടിക്കാണിച്ച ശേഷം, പൗലൊസ് തുടർന്നു പറഞ്ഞു: "ഞങ്ങളോ പിതാക്കന്മാർക്കു ചെയ്ത വാഗ്ദത്തത്തിന്റെ സുവിശേഷം നിങ്ങളോട് അറിയിക്കുന്നു. "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" (വാ. 32-33) എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു" (വാ. 32-33). പുനരുത്ഥാനം മനുഷ്യനായ യേശുവിന് ഒരു ജനനമായിരുന്നു. അനേകം സഹോദരന്മാരിൽ ആദ്യജാതനായിരിക്കുവാൻ തന്റെ പുനരുത്ഥാനത്തിൽ അവൻ ദൈവത്താൽ ജനിപ്പിക്കപ്പെട്ടു (റോമ. 8:29). നിത്യത മുതൽ അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു (യോഹ. 1:18; 3:16). ജഡാവതാരത്തിനുശേഷം, പുനരുത്ഥാനത്തിലൂടെ, അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ അവന്റെ മനുഷ്യത്വത്തിൽ ദൈവത്താൽ ജനിപ്പിക്കപ്പെട്ടു.

ഇത് പൗലൊസ് പറയാതിരുന്നെങ്കിൽ, സങ്കീർത്തനം 2 ക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് സംസാരിക്കുന്നുവെന്ന് നമുക്ക് കാണുവാൻ കഴിയുമായിരുന്നുവെന്ന് ഞാൻ ചിന്തിക്കുന്നില്ല. "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന വചനത്തിൽ കർത്താവിന്റെ പുനരുത്ഥാനത്തെ കാണുവാൻ പൗലൊസിനു കഴിഞ്ഞു. കർത്താവിന്റെ പുനരുത്ഥാന ദിവസത്തിന് പൗലൊസ് *ഇന്ന്* എന്ന പദം പ്രയോഗിച്ചു (പ്ര.നി. പ്രവൃ. 13:33). ക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ ആദ്യജാതനായ പുത്രനായുള്ള അവന്റെ ജനനമായിരുന്നു എന്ന് ഇതർഥമാക്കുന്നു. മനുഷ്യപുത്രനായ യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതിലൂടെ ദൈവപുത്രനാകുവാൻ ജനിച്ചു. അതിനാൽ, ദൈവം യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചത് അവനെ തന്റെ ആദ്യജാതനായ പുത്രനായി ജനിപ്പിച്ചതായിരുന്നു. കർത്താവിന്റെ പുനരുത്ഥാനം അവന്റെ ജനനമായിരുന്നുവെന്ന് നാം മനസ്സിലാക്കണം. ഇത് നിർണായകമായ ഒരു കാര്യമാണ്.

### കർത്താവിന്റെ രണ്ട് ജനനങ്ങൾ

കർത്താവായ യേശുവിന് രണ്ട് ജനനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒന്ന് അവൻ മനുഷ്യപുത്രനാകുവാൻ മറിയയിൽനിന്ന് ജനിച്ചതായിരുന്നു. പിന്നീട് മുപ്പത്തിമൂന്നര

വർഷങ്ങൾക്കുശേഷം, അവൻ ക്രൂശിക്കപ്പെടുകയും, അടക്കം ചെയ്യപ്പെടുകയും, മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെടുകയും ചെയ്തു. പുനരുത്ഥാനത്തിലൂടെ അവന് രണ്ടാമത്തെ ഒരു ജനനം ഉണ്ടായിരുന്നു, കാരണം ഒരു മനുഷ്യനെന്ന നിലയിൽ, അവൻ തന്റെ പുനരുത്ഥാനത്തിൽ ദൈവപുത്രനാകുവാൻ ജനിച്ചു. അതുകൊണ്ട്, അവന്റെ ആദ്യ ജനനത്തിൽ അവൻ മനുഷ്യപുത്രനാകുവാൻ മറിയയിൽനിന്ന് ജനിക്കുകയും, രണ്ടാമത്തെ ജനനത്തിൽ അവൻ ദൈവപുത്രനാകുവാൻ പുനരുത്ഥാനത്തിൽ ജനിക്കുകയും ചെയ്തു.

## ഏകജാതനായ പുത്രനും ആദ്യജാതനായ പുത്രനും

ദൈവപുത്രനാകുവാൻ ക്രിസ്തു പുനരുത്ഥാനത്തിൽ ജനിച്ചു എന്ന് ചിലർ കേൾക്കുമ്പോൾ അവർക്ക് ഒരു പ്രശ്നമുണ്ടായിട്ട് അവർ ഇങ്ങനെ പറഞ്ഞേക്കാം: "നമ്മുടെ കർത്താവ് നിത്യത മുതൽ ദൈവപുത്രനായിരുന്നില്ലേ?" അതെ, നിത്യത മുതൽ അവൻ ദൈവപുത്രനായിരുന്നു. അവന്റെ ആദ്യ ജനനത്തിനുമുമ്പ്, അതായത്, മനുഷ്യപുത്രനാകുവാൻ മറിയയിൽനിന്ന് ജനിക്കുന്നതിനുമുമ്പ്, അവൻ ദൈവപുത്രൻ തന്നെയായിരുന്നു. യേശുക്രിസ്തു ദൈവപുത്രനാണെന്നും അവൻ നിത്യമായി ദൈവപുത്രനാണെന്നും യോഹന്നാന്റെ സുവിശേഷം ഊന്നിപ്പറയുന്നു. ജഡാവതാരത്തിനു മുമ്പ് അവൻ ദൈവപുത്രനായിരുന്നതിനാൽ, അവന്റെ പുനരുത്ഥാനത്തിൽ അവൻ ദൈവപുത്രനായി ജനിക്കേണ്ട ആവശ്യം എന്തായിരുന്നു? ഈ ചോദ്യത്തിന് ഉത്തരം നൽകണമെങ്കിൽ, നാം വേദപുസ്തകം ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതാവശ്യമാണ്.

റോമർ 8:29-ഉം എബ്രായർ 1:6-ഉം ആദ്യജാതനായ ക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുന്നു. തന്റെ രണ്ടാം ജനനത്തിൽ കർത്താവായ യേശു ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ ജനിച്ചു. പുതിയനിയമമനുസരിച്ച്, അവൻ രണ്ടു വശങ്ങളിൽ ദൈവപുത്രനാണ്. ഒന്നാമത്, അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു; രണ്ടാമത്, അവൻ ഇപ്പോൾ ദൈവത്തിന്റെ ആദ്യജാതനായ പുത്രനാണ്. ദൈവത്തിന് ഒരു പുത്രൻ മാത്രമേയുള്ളൂവെന്ന് *ഏകജാതൻ* എന്ന പദം സൂചിപ്പിക്കുന്നു. യോഹന്നാൻ 1:18-ഉം 3:16-ഉം ദൈവത്തിന്റെ ഏകജാതനായ പുത്രനെക്കുറിച്ച് സംസാരിക്കുന്നു. നിത്യമായി പറഞ്ഞാൽ, ക്രിസ്തു ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു. ഇതായിരുന്നു അവന്റെ നിത്യ പദവി. എന്നാൽ പുനരുത്ഥാനത്തിലൂടെ, അവൻ ഒരു മനുഷ്യനെന്ന നിലയിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രനാകുവാൻ ജനിച്ചു. ദൈവത്തിന് ഇപ്പോൾ നിരവധി പുത്രന്മാരുണ്ടെന്ന് *ആദ്യജാതൻ* എന്ന വാക്ക് സൂചിപ്പിക്കുന്നു (എബ്രാ. 2:10). ക്രിസ്തുവിൽ വിശ്വസിക്കുന്ന നാം ദൈവത്തിന്റെ അനേകം പുത്രന്മാരും കർത്താവിന്റെ അനേകം സഹോദരന്മാരും, അതായത് ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാരും ആണ് (റോമ. 8:29).

## ജീവന്റെ ദേഹരൂപവും ജീവന്റെ പ്രചരണവും

ദൈവത്തിന്റെ ഏകജാതനായ പുത്രനെന്ന നിലയിൽ, കർത്താവ് ദിവ്യജീവന്റെ ദേഹരൂപമാണ്. യേശുക്രിസ്തു ദൈവപുത്രനാണെന്നും ദൈവപുത്രനെന്ന നിലയിൽ, അവൻ ദിവ്യജീവന്റെ സാക്ഷാൽ ദേഹരൂപമാണെന്നും യോഹന്നാന്റെ സുവിശേഷം ഊന്നിപ്പറയുന്നു (1:4). ജീവന്റെ പ്രചരണത്തിനുവേണ്ടി ജീവൻ പകരുന്നവനായി പുനരുത്ഥാനത്തിലൂടെ ക്രിസ്തു ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു. ആദ്യം, ജീവന്റെ ദേഹരൂപമെന്ന നിലയിൽ അവൻ

ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു; ഇപ്പോൾ അവൻ ജീവന്റെ പ്രചരണത്തിനു വേണ്ടി ആദ്യജാതനായ പുത്രനാണ്. പുനരുത്ഥാനത്തിൽ അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നതിലൂടെ അവനിൽ ദേഹരൂപമായിരിക്കുന്ന അതേ ജീവന്റെ പ്രചരണം ഉളവാക്കുന്നതിനായി ദിവ്യജീവൻ അവന്റെ എല്ലാ വിശ്വാസികളിലേക്കും പകരപ്പെട്ടിരിക്കുന്നു. നാമെല്ലാവരും ഇത് കാണേണ്ടതാവശ്യമാണ്.

യോഹന്നാന്റെ സുവിശേഷം ചെയ്യുന്നതുപോലെ, ഇവിടെ പ്രവൃത്തികൾ 13-ൽ പൗലൊസ് ക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ പുത്രനായി പ്രസംഗിക്കുകയായിരുന്നില്ല. മറിച്ച്, ഇവിടെ പൗലൊസ് ക്രിസ്തുവിനെ പ്രചരണത്തിനായുള്ള ദൈവത്തിന്റെ ആദ്യജാതനായ പുത്രനായി പ്രസംഗിക്കുകയായിരുന്നു. ഇക്കാരണത്താൽ അവൻ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തെ അവന്റെ രണ്ടാമത്തെ ജനനമായി പ്രസംഗിച്ചു. പുനരുത്ഥാനത്തിലുള്ള അവന്റെ ജനനമായ അവന്റെ രണ്ടാമത്തെ ജനനത്തിലൂടെ, ദിവ്യജീവന്റെ പ്രചാരണത്തിനുവേണ്ടി ക്രിസ്തു ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു. (പ്രവൃത്തികളുടെ ജീവപഠനം, പേജ് 310-314)